**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1166** **18-09-2025 - ൽ മറുപടിയ്ക്ക്**

**പൈപ്പ് ലൈനുകൾ നവീകരിക്കുന്നതിന് കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് നാളിതുവരെ പൈപ്പ് ലൈൻ പൊട്ടിയത് മൂലം കുടിവെള്ളം മുടങ്ങിയ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; കുടിവെള്ള പൈപ്പ് ലൈനുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ കാലയളവിൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശവും കുടിവെള്ള ചോർച്ചയിലൂടെ ഉണ്ടായ നഷ്ടവും എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ പൈപ്പ് ലൈൻ പൊട്ടിയത് മൂലം കുടിവെള്ളം കുറഞ്ഞ സമയത്തേക്കെങ്കിലും തടസ്സപ്പെട്ട 3,34,126 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. കുടിവെള്ള പൈപ്പ് ലൈനുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ കാലയളവിൽ നാളിതുവരെ 353.14 കോടി രൂപ ചെലവായിട്ടുണ്ട്.വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഏകദേശം 20 % മുതൽ 35% വരെ ചോർച്ചയിലൂടെ നഷ്ടമാകാറുണ്ട്. |
| (ബി) | പൈപ്പ് ലൈനുകളുടെ പഴക്കം മൂലം കുടിവെള്ള വിതരണം മുടങ്ങുകയും വൻതോതിൽ ജലം നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തെ പ്രധാന കുടിവെള്ള വിതരണ പൈപ്പ് ലൈനുകൾ മുഴുവൻ നവീകരിക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി നടപ്പാക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ പ്രധാന കുടിവെള്ള വിതരണ പൈപ്പ് ലൈനുകൾ മുഴുവൻ നവീകരിക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി നിലവിലില്ലെങ്കിലും, ജല ജീവൻ മിഷൻ , അമൃത്, കിഫ്ബി, സ്റ്റേറ്റ് പ്ലാൻ, മുതലായ വിവിധങ്ങളായ പദ്ധതികളിലുൾപ്പെടുത്തി ഫണ്ട് ലഭ്യതക്കനുസരിച്ച് കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ റോഡ് നവീകരണ പ്രവൃത്തികളുടെ ഭാഗമായി കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകളും, ഇന്റർകണക്ഷനുകളും മറ്റും മാറ്റി കുടിവെള്ള ജലവിതരണശൃംഖല ശക്തിപ്പെടുത്തുന്ന പ്രവൃത്തികളും നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ